"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ശ്രീ. മോഹൻദാസ്, പ്രൊപ്രൈറ്റർ, വിവീസ് ടിംബേഴ്സ്, നിലമ്പൂർ ഫയൽ ചെയ്ത 7255/2022 നമ്പർ റിട്ട് പെറ്റീഷൻ -ബഹു.കേരള ഹൈക്കോടതിയുടെ 07/03/2022-ലെ വിധിന്യായം- നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.157/2022/F&WLD തീയതി,തിരുവനന്തപുരം, 16-04-2022

---

പരാമർശം:- 1. ശ്രീ.മോഹൻദാസ് 17/10/2021-ൽ സർക്കാരിൽ സമർപ്പിച്ച നിവേദനം.

2. സ.ഉ (കൈ) നം. 20/2021/വനം തീയതിയി 19/10/2021.

3. ശ്രീ. മോഹൻദാസ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 7255/2022 -ന്മേലുള്ള 7/3/2022-ലെ ഹൈക്കോടതിയുടെ വിധി.

4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 02/04/2022-ലെ പ്രൊ(4)- 214333/2021 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.മോഹൻദാസ്, പ്രൊപ്രൈറ്റർ, വിവീസ് ടിംബേഴ്സ്, നിലമ്പൂർ ലേലം കൊണ്ടിരുന്ന തടി ലോട്ടുകളിൽ മൊത്തം തുകയും അടവാക്കി നീക്കം ചെയ്യുകയുണ്ടായില്ല. ടി കാലയളവിൽ ടിയാൾ ഭാഗിക വില അടവാക്കുകയും, 32/2021, 35/2021 എന്നീ രണ്ടു ലോട്ടുകൾ നീക്കം ചെയ്യുന്നതിൽ വീഴ്ച വരുത്തുകയും ഉണ്ടായി. കോവിഡ് -19 രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന ലോക്ക് ഡൗൺമൂലമാണ് തടി നീക്കം ചെയ്യാൻ കഴിയാതിരുന്നതെന്നാണ് ടിയാൻ അറിയിച്ചിരുന്നത്.

കോവിഡ് -19 രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന ലോക്ക് ഡൗൺ കാലയളവിൽ മൊത്തം തുകയും അടവാക്കാൻ കഴിയാത്തതും തുക അടവാക്കിയിട്ടും തടി നീക്കം ചെയ്യാൻ കഴിയാത്തതും സംബന്ധിച്ച് തടി വ്യാപാരികൾ സമർപ്പിച്ചിരുന്ന നിവേദനങ്ങൾ പരിശോധിച്ച് ലോക്ക് ഡൗൺ കാലയളവിൽ മൊത്തം തുകയും

അടവാക്കിയിട്ടുള്ളവർക്ക് തടി നീക്കം ചെയ്യുന്നതിന് ഉത്തരവ് തീയ്യതി മുതൽ രണ്ടാഴ്ചത്തെ സമയം കൂടി നൽകിക്കൊണ്ട് പരാമർശം (2) സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ശ്രീ. മോഹൻദാസ് പരാമർശം (1) പ്രകാരം തടി നീക്കം ചെയ്യുന്നതിന് അധികസമയം ആവശ്യപ്പെട്ട് സർക്കാരിൽ നിവേദനം സമർപ്പിക്കുകയും, തുടർന്ന്, പരാമർശം (2) ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ 7255/2022 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുമുണ്ടായി. ടി റിട്ട് പെറ്റീഷനിന്മേൽ ബഹു.ഹൈക്കോടതി പരാമർശം (3) പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിൽ, ടെണ്ടർ വിജ്ഞാപന പ്രകാരമുള്ള ബാക്കി തുക പത്ത് ദിവസത്തിനകം ഹർജിക്കാരൻ അടയ്ക്കണമെന്നും ഹരജിക്കാരൻ അത്തരത്തിൽ പണം അടവാക്കുകയാണെങ്കിൽ, സംസ്ഥാനത്ത് നിലനിന്നിരുന്ന കോവിഡ് - 19 പകർച്ചവ്യാധി സാഹചര്യം കണക്കിലെടുത്ത്, വിജ്ഞാപന പ്രകാരമുള്ള ബാക്കി തുക അടവാക്കുന്നതിനും , നിയമാനുസൃതമുള്ള തറ വാടക, പിഴ പലിശ അടവാക്കുന്നതിന് തയ്യാറാണെന്നറിയിച്ചുകൊണ്ട് സമർപ്പിച്ചതും റിട്ട് പെറ്റീഷനിൽ Exhibit-3 ആയി ഹാജരാക്കിയതുമായ നിവേദനം പരിഗണിക്കുകയും, ഒരു മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണെന്നും, ആയതുവരെ 32/2021, 35/2021 എന്നീ രണ്ടു ലോട്ടുകളുടെ പുനർലേലം മാറ്റിവെയ്ക്കുകയാണെന്നും ബഹു.ഹൈക്കോടതി ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി.

ബഹു.ഹൈക്കോടതി വിധിന്യായത്തിന്റെ വെളിച്ചത്തിൽ, പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ, 32/2021, 35/2021 എന്നീ ലോട്ടുകൾ പുന:ലേലത്തിൽ നിന്നും ഒഴിവാക്കിയിരുന്നുവെന്നും, ശ്രീ. മോഹൻദാസ് 09/03/2022 തീയതിയിൽ 32/2021, 35/2021 ലോട്ടുകളുടെ ബാക്കി വില, നികുതികൾ, പിഴപ്പലിശ,തറവാടക എന്നിവ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുള്ളതായും ടി സാഹചര്യത്തിൽ ശ്രീ. മോഹൻദാസ് നൽകിയിരുന്ന Exhibit P3 നിവേദനത്തിന്മേൽ അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിച്ച്, ടി ലോട്ടുകൾ, മാനുഷികപരിഗണന വച്ച് ഹർജിക്കാരന്റെ പേർക്ക് സ്ഥിരപ്പെടുത്താവുന്നതാണെന്ന ശിപാർശയും ഉണ്ടായിരുന്നു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു . ശ്രീ. മോഹൻദാസ്; ബാക്കി വില, നികുതികൾ, പിഴപ്പലിശ, തറവാടക എന്നിവ പൂർണ്ണമായും സർക്കാരിലേക്ക് അടവാക്കിയതിന്റേയും ബഹു ഹൈക്കോടതിയുടെ വിധിന്യായത്തിന്റേയും അടിസ്ഥാനത്തിൽ, സമാനമായ മറ്റ് നിവേദനങ്ങളിൽ/കേസുകളിൽ ഈ ഉത്തരവ് ഒരു കീഴ് വഴക്കമാകില്ലായെന്ന

നിബന്ധനയോടെ 32/2021, 35/2021 എന്നീ ലോട്ടുകൾ, ഉത്തരവ് തീയ്യതി മുതൽ രണ്ടാഴ്ചയ്ക്കകം തടിനീക്കം ചെയ്യണമെന്ന നിബന്ധനയോടെ, ഹർജിക്കാരന് സ്ഥിരപ്പെടുത്തിയും, ബഹു ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ 7255/2022 -ന്മേലുള്ള 7/3/2022-ലെ വിധിന്യായം നടപ്പിലാക്കിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം).

ശ്രീ. മോഹൻദാസ്, പ്രൊപ്രൈറ്റർ, വിവീസ് ടിംബേഴ്സ്, വസുധ, LIC റോഡ്, നിലമ്പൂർ, മലപ്പുറം ജില്ല.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.

വെബ് ആന്റ് ന്യൂ മീഡിയ) (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Ravindran C**
**Date: 18-04-2022 09:54:30**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു മുഖ്യമന്ത്രിയുടെ ഓഫീസിന്/വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്/പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്